**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **01-02-2024 - ൽ മറുപടിയ്ക്ക്**

**മേലാറ്റൂർ-പുലാമന്തോൾ റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ മേലാറ്റൂർ - പുലാമന്തോൾ സംസ്ഥാന പാതയിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള റോഡ് 7 മീറ്റർ വീതിയിൽ BM BCപ്രതലം ആക്കാനും കലുങ്കുകളുടെയും ഓടകളുടെയും നിർമ്മാണവും റോഡ് സുരക്ഷാ ക്രമീകരണങ്ങളുടെ നിർമാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 30.88 കി. മീ. റോഡ് വീതി കൂട്ടുന്നതിൽ 27.65 കി മീ ദൂരം granular works പൂർത്തീകരിച്ചിട്ടുണ്ട്. 14.75 കി മീ നീളത്തിൽ DBM നിർമ്മാണവും 4.3 കി മീ നീളത്തിൽ BC നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളിലുമായി 52.70 കി.മീ നീളം വരുന്ന ഓടയുടെ നിർമ്മാണത്തിൽ 35 .8 കി മീ ദൈർഘ്യത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>18 മാസത്തെ നിർമാണ കാലാവധിയോടെ 20.01.2021 നാണ് ഈ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. ആകെയുള്ള പ്രവൃത്തിയുടെ 50.24% മാത്രമാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. 31.12.2023 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാറുകാരൻ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. Article 23.12 പ്രകാരം നിലവിൽ കരാറുകാരനെ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ KSTP ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നും സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ